# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 876 — 30/6/2015 -ൽ മറുപടിക്ക്

## മുരിക്കുംപാടം, ഞാറക്കൽ ശുദ്ധജല സംഭരണ ടാങ്കുകളുടെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്.ശർമ്മ | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ജിഡഫണ്ട് ഉപയോഗിച്ച് നിർമ്മാണ അനുമതി നൽകിയിട്ടുള്ള മുരിക്കുംപാടം, ഞാറക്കൽ ശുദ്ധജല സംഭരണ ടാങ്കുകളുടെ നിർമ്മാണം 31/3/2015-ൽ പൂർത്തീകരിക്കാത്ത പക്ഷം ലിക്വിഡേറ്റ് ഡാമേജ് പ്രകാരമുള്ള പിഴ ഈടാക്കുമെന്ന് ചീഫ് എഞ്ചിനീയർ പ്രസ്തുത കരാറുകാരനെ അറിയിച്ചിട്ടുണ്ടോ; | (എ) ജിഡ ഫണ്ട് ഉപയോഗിച്ച് മുരിക്കുംപാടത്ത് നിർമ്മിച്ചുവരുന്ന ടാങ്കിന്റെ നിർമ്മാണ കാലാവധി 31/12/2015 വരെയും ഞാറയ്ക്കലിൽ നിർമ്മിക്കുന്ന ടാങ്കിന്റെ കാലാവധി 30/9/2015 വരെയും ലിക്വിഡേറ്റഡ് ഡാമേജ് ചുമത്തിക്കൊണ്ട് നീട്ടി നൽകുവാൻ കേരള വാട്ടർ അതോറിറ്റി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഉത്തരവുകൾ കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു. |
| (ബി) നിലവിൽ നിർമ്മാണം പൂർത്തിയാക്കാത്ത സാഹചര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | (ബി) പ്രസ്തുത ടാങ്കുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കണം എന്നാവശ്യപ്പെട്ട് കരാറുകാരന് പല പ്രാവശ്യം വാട്ടർ അതോറിറ്റി കത്തുകൾ നൽകിയിട്ടുണ്ട്. |
| (സി) ലിക്വിഡേറ്റ് ഡാമേജസ് പ്രകാരമുള്ള പിഴ എത്രയെന്ന് വ്യക്തമാക്കാമോ; | (സി) ലിക്വിഡേറ്റ് ഡാമേജസ് പ്രകാരമുള്ള പിഴയുടെ തുക നിർണ്ണയിക്കുന്ന നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. |
| (ഡി) കരാർ പ്രകാരം 2012 ൽ പൂർത്തീകരിക്കേണ്ട മേൽ പ്രവർത്തികൾ പൂർത്തീകരിക്കുന്നതിന് അധികച്ചെലവ് പ്രതീക്ഷിക്കുന്നുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ; | (ഡി) കരാർ പ്രകാരം അധിക ചെലവ് നൽകാൻ വ്യവസ്ഥയില്ല. |
| (ഇ) പ്രസ്തുത കരാറുകാരനെതിരെ നിയമ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കാമോ? | (ഇ) കരാറുപ്രകാരം ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ പൂർത്തിയാക്കുവാൻ കരാറുകാരൻ സന്നദ്ധത കാണിച്ചിട്ടുള്ളതിനാൽ നിയമ നടപടികൾ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ